GUPS Klari

ജൂലൈ 2024

# ഒന്നാം മിഡ് ടേം പരീക്ഷ , ക്ലാസ് – 7

അടിസ്ഥാന ശാസ്ത്രം

MM

**സമയം : 40 മിനുട്ട്   സ്കോർ : 15**

---

### പ്രവർത്തനം 1



മാതൃസസ്യത്തിൽ വച്ച് വേര് മുളപ്പിച്ച ശേഷമുള്ള ഒരു കൊമ്പിന്റെ ചിത്രമാണ് കൊടുത്തിരിക്കുന്നത്.

എ) ഇപ്രകാരം പുതിയ സസ്യങ്ങളെ ഉൽപ്പാദിപ്പിക്കുന്ന രീതി ഏതാണ്? (1)


ബി) ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ചെടികളുടെ ഗുണങ്ങൾ എഴുതുക. (2)

സി) ഈ രീതിയിൽ പുതിയ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഘട്ടങ്ങൾ താഴെ നൽകിയിരിക്കുന്നു. അവ ക്രമത്തിലാക്കുക. (2)

| | |
|---|---|
| • ചകിരിച്ചോറും മണ്ണും ചേർന്ന മിശ്രിതം ചെറിയ നനവോടെ വച്ച് പോളിത്തീൻ കവറുകൊണ്ട് പൊതിഞ്ഞു കെട്ടുക.<br>• മാതൃസസ്യത്തിൽ നിന്ന് പെൻസിൽ വണ്ണമുള്ള കഷണം തിരഞ്ഞെടുക്കുക. | • പതിവച്ച ഭാഗത്ത് ധാരാളം വേരുകൾ ഉണ്ടാകുമ്പോൾ കമ്പ് പതിവച്ചതിനു താഴെ മുറിച്ചെടുത്ത് ഗ്രോബാഗിൽ നടാവുന്നതാണ്.<br>• ഈ കമ്പിൽ രണ്ടു പർവങ്ങൾക്ക് ഇടയിലുള്ള തൊലി രണ്ടോ മൂന്നോ സെന്റീമീറ്റർ നീളത്തിൽ വളയാകൃതിയിൽ ചെത്തി മാറ്റുക. |

### പ്രവർത്തനം 2

രണ്ട് മുളകുചെടികളുടെ പ്രത്യേകതകൾ ശ്രദ്ധിക്കുക.



**ഇനം - 1**
- വലിയ മുളക്
- കായ്ഫലം കുറവ്

**ഇനം - 2**
- ചെറിയ മുളകുകൾ
- കായ്ഫലം കൂടുതൽ



എ) ഈ ചെടികൾ ഉപയോഗിച്ച് വലിയ ധാരാളം മുളകുകൾ ഉണ്ടാവുന്ന ഒരു ചെടി ഉൽപാദിപ്പിക്കാൻ താഴെപ്പറയുന്നവയിൽ ഏത് മാർഗ്ഗം സ്വീകരിക്കാം? (1)

1) മുകുളം ഒട്ടിക്കൽ   2) പതിവയ്ക്കൽ   3) വർഗസങ്കരണം   4) കമ്പൊട്ടിക്കൽ

ബി) താഴെ തന്നിരിക്കുന്ന സസ്യങ്ങളെയും വിത്തിനങ്ങളെയും അനുയോജ്യമായ രീതിയിൽ കൂട്ടങ്ങളാക്കുക. (2)

ചന്ദ്രശങ്കര, നെല്ല്, ഭാഗ്യലക്ഷ്മി, തെങ്ങ്, പവിത്ര, സൽക്കീർത്തി, ജ്യോതിക, കിരൺ, ചന്ദ്രലക്ഷ, വെണ്ട, അന്നപൂർണ, പയർ

സി) സങ്കരയിനം വിത്ത് ഉൽപ്പാദിപ്പിക്കുമ്പോൾ പരാഗണപ്രവർത്തനങ്ങൾ മനുഷ്യൻ നേരിട്ട് നടത്തുന്നത് എന്തിന്? (2)

### പ്രവർത്തനം 3




വളരെയധികം പ്രതീക്ഷകളോടെയാണ് കുട്ടി മാവിൻതൈ കുഴിച്ചിടുന്നത്. ഓരോ വിളവും നട്ടുവളർത്തുമ്പോൾ കർഷകർക്ക് ചില ലക്ഷ്യങ്ങളുണ്ടാവുമല്ലോ?

എ) പട്ടിക പൂർത്തിയാക്കുക (4)

| കൃഷിയുടെ ലക്ഷ്യങ്ങൾ | കൈവരിക്കാനുള്ള മാർഗങ്ങൾ |
|---|---|
| നല്ല വിളവ് ലഭിക്കണം | 1)<br>2) |
| | |
| വേഗം വിളവ് ലഭിക്കണം | |

ബി) കായികപ്രജനനവും ലൈംഗികപ്രത്യുൽപ്പാദനവും നടക്കുന്ന സസ്യങ്ങളേതെല്ലാം? (1)